**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ വി.ഇ.ഒ. ഗ്രേഡ് II തസ്തികയിലെ NJD ഒഴിവുകൾ തെറ്റായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത് - ഉദ്യോഗസ്ഥർക്ക് എതിരെയുള്ള നടപടി - 'ശക്തമായ താക്കീത് ' നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 3810 /2015/തസ്വഭവ, തിരുവനന്തപുരം, തീയതി, 19.12.2015

---

പരാമർശം :- 1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി 12.09.2013 ൽ ഗ്രാമവികസന കമ്മീഷണർക്കും, 19.10.2015 ൽ സർക്കാരിനും അയച്ച DRI(3)17259/04/GW നമ്പർ കത്തുകൾ.

2. 18.10.2013, 7.01..2014 എന്നീ തീയതികളിൽ യഥാക്രമം ആലപ്പുഴ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്കും, മണ്ണുത്തി എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പാളിനും ഗ്രാമവികസന കമ്മീഷണർ നൽകിയ 19960/എസ്റ്റാ എ 2/ 13 /സിആർഡി/നമ്പർ കത്തുകൾ..

3. 19.11.2013 ൽ ആലപ്പുഴ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ഗ്രാമവികസന കമ്മീഷണർക്ക് അയച്ച ഡി1/834/2013 നമ്പർ കത്ത്.

4. 1.10.2014- ൽ മണ്ണുത്തി വികസന പരിശീലന കേന്ദ്രം പ്രിൻസിപ്പാൾ ഗ്രാമവികസന കമ്മീഷണർക്ക് അയച്ച ബി1-/51/2013 നമ്പർ കത്ത്.

5. 18.12.2014-ലെ ഗ്രാമവികസന കമ്മീഷണറുടെ 19960/എസ്റ്റാ.എ 2/13/ സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമവികസന വകുപ്പിൽ ആലപ്പുഴ ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് എൻ.ജെ.ഡി. ഒഴിവുകൾ തെറ്റായി കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തതുമായി ബന്ധപ്പെട്ട്, ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ പരാമർശം (1) ലെ 12.09.2013 ലെ

കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണറോട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. അപ്രകാരം നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ, ആലപ്പുഴ പോവർട്ടി അലീവിയേഷൻ യൂണിറ്റിലെ പ്രോജക്ട് ഡയറക്ടർ ശ്രീമതി വനജകുമാരി, മണ്ണുത്തി വികസന പരിശീലന കേന്ദ്രം പ്രിൻസിപ്പാൾ ശ്രീ.കെ.വി.അബ്ദുൾ അസീസ് എന്നിവരോട് വിശദീകരണം ആരായുകയും പരാമർശം (3) (4) എന്നിവ പ്രകാരം ടി ഉദ്യോഗസ്ഥർ ഗ്രാമവികസന കമ്മീഷണർക്ക് വിശദീകരണം സമർപ്പിക്കുകയും ചെയ്തിരുന്നു.

ആലപ്പുഴ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ നൽകിയ വിശദീകരണത്തിൽ, മണ്ണുത്തി എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിലേക്ക് പ്രീ സർവ്വീസ് പരിശീലനത്തിന് നിയോഗിച്ച ഉദ്യോഗാർത്ഥികളിൽ 4 പേർ ട്രെയിനിംഗിന് ഹാജരായിരുന്നുവെന്നും ബാക്കി 2 പേർ ട്രെയിനിംഗിന് സംബന്ധിച്ചില്ലായെന്നും മണ്ണുത്തി എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പാളിന്റെ 15.04.2013 ലെ ബി.151/13- ാം നമ്പരിലുള്ള രണ്ട് കത്തുകൾ പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നുവെന്നും ഇത് പ്രകാരം ശ്രീ.സുമേഷ്.പി.സി. ശ്രീ.പ്രവീൺ.കെ.കൃഷ്ണൻ എന്നീ ഉദ്യോഗാർത്ഥികളുടെ ഐ.ഡി. സർട്ടിഫിക്കറ്റുകൾ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പാൾ NJD റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ടി കത്തിനോടൊപ്പം തിരിച്ചയക്കുകയുണ്ടായിയെന്നും ഇത് പ്രകാരമാണ് 2 NJD ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തതെന്നും എന്നാൽ NJD ആയി റിപ്പോർട്ട് ചെയ്ത ശ്രീ .സുമേഷ് .പി.സി , ശ്രീ.പ്രവീൺ.കെ.കൃഷ്ണൻ എന്നീ ഉദ്യോഗാർത്ഥികൾ പ്രീസർവ്വീസ് ട്രെയിനിംഗിന് ഹാജരായവരായിരുന്നുവെന്നും യഥാർത്ഥത്തിൽ 6 പേരിൽ 2 പേർ ട്രെയിനിംഗിന് ഹാജരാവുകയും 4 പേർ ഹാജരാകാതിരിക്കുകയും ആണ് ചെയ്തതെന്നും അതിന് വിപരീതമായാണ് 2 NJD ഒഴിവുകൾ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തതെന്നും , പിന്നിട് പിശക് തിരുത്തി 4 NJD ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയുണ്ടായെന്നും, എന്നാൽ ആദ്യ കത്തിലെ പിശക് തിരുത്തിയല്ല രണ്ടാമത്തെ കത്ത് അയച്ചതെന്നും, ആയതിനാലാണ് 6 ഒഴിവുകളും NJD ആയി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സാഹചര്യം ഉണ്ടായതെന്നും , കേരള പബ്ലിക് സർവ്വീസ്

കമ്മീഷന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ ഇതിനുമുൻപ് ഒരിക്കലും ഒരു പിഴവും സംഭവിച്ചിട്ടില്ലായെന്നും ആയതിനാൽ മനപൂർവ്വമല്ലാതെ സംഭവിച്ച തെറ്റ് മാപ്പാക്കി തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ആലപ്പുഴ പ്രോജക്ട് ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

മണ്ണുത്തി എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പാൾ പരാമർശം (4) പ്രകാരം നൽകിയ വിശദീകരണത്തിൽ, ആലപ്പുഴ പ്രോജക്ട് ഡയറക്ടറുടെ 08.03.2013 ലെ ഡി 1-376/13 ഉത്തരവ് പ്രകാരം 6 പേരെ 25.03.2013 ന് ആരംഭിച്ച പരിശീലനത്തിന് നിയോഗിച്ചിരുന്നുവെന്നും ഈ ആറു പേരിൽ ശ്രീ.സുമേഷ്.പി.സി , ശ്രീ.പ്രവീൺ.കെ. കൃഷ്ണൻ എന്നീ രണ്ടു പേർ 25.03.2013-ന് മണ്ണുത്തി, വികസന പരിശീലന കേന്ദ്രത്തിൽ ജോയിൻ ചെയ്തിരുന്നുവെന്നും, സാധാരണയായി ജോയിൻ ചെയ്യുവരുടെയും, ജോയിൻ ചെയ്യാത്തവരുടെയും ലിസ്റ്റ് ആമുഖ കത്ത് , ഐഡന്റിഫിക്കേഷൻ കാർഡ് എന്നിവ 2 സെറ്റാക്കി ഒരു രജിസ്റ്റേർഡ് തപാൽ ആയി ബന്ധപ്പെട്ട പോവർട്ടി അലീവിയേഷൻ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്ക് അയക്കുകയാണ് ചെയ്യാറുള്ളതെന്നും ആയതനുസരിച്ച് ജോയിൻ ചെയ്ത 2 പേരുടെയും, ജോയിൻ ചെയ്യാത്ത 4 പേരുടെയും ലിസ്റ്റ് ആമുഖ കത്ത്, ഐഡന്റിഫിക്കേഷൻ കാർഡ് എന്നിവ സഹിതം രജിസ്റ്റേർഡ് തപാലിൽ ആലപ്പുഴ പ്രൊജക്ട് ഡയറക്ടർക്ക് അയച്ച് കൊടുത്തിരുന്നുവെന്നും, ആയതിൽ ജോയിൻ ചെയ്യാത്ത 4 പേരുടെ വിശദാംശങ്ങൾ അടങ്ങിയ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത ലിസ്റ്റിലോ, ഐഡന്റിഫിക്കേഷൻ കാർഡിലോ യാതൊരു തെറ്റും സംഭവിച്ചിട്ടില്ലെന്നും , എന്നാൽ ജോയിൻ ചെയ്ത 2 പേരുടെ വിവരങ്ങൾ അടങ്ങിയ ആമുഖ കത്തിൽ 2 പേരുടെ എന്നതിനു പകരം 4 പേരുടെ ലിസ്റ്റ് ഇതോടൊപ്പം അയയ്ക്കുന്നു എന്നാണ് കാണിച്ചിരുന്നതെന്നും, പ്രസ്തുത കത്തിനോടൊപ്പം അറ്റാച്ച് ചെയ്തിരുന്ന ലിസ്റ്റ് , ഐഡന്റിഫിക്കേഷൻ കാർഡുകൾ (2 എണ്ണം ) എല്ലാം തന്നെ കൃത്യമായാണ് കാണിച്ചിരുന്നതെന്നും ജോയിൻ ചെയ്യാത്തവരുടെ വിവരങ്ങൾ അടങ്ങിയ കത്തിനോടൊപ്പം അറ്റാച്ച് ചെയ്തിരുന്ന ലിസ്റ്റിൽ 'list of candidates not joined for Pre-service Training at ETC, Mannuthy' എന്നും ടി കത്തിൽ encl; ഹാൾ ടിക്കറ്റ് 4 നം . എന്നും കാണിച്ചിരുന്നുവെന്നും ജോയിൻ ചെയ്തവരുടെ വിവരങ്ങൾ അടങ്ങിയ കത്തിനോടൊപ്പം

അറ്റാച്ച് ചെയ്തിരുന്ന ലിസ്റ്റിൽ 'list of Pre-service Trainees Reported for Training at ETC, Mannuthy'എന്നും ടി കത്തിൽ encl; ഹാൾ ടിക്കറ്റ് 2 നം. എന്നും കാണിച്ചിരുന്നുവെന്നും ടിയാൻ റിപ്പോർട്ട് ചെയ്തിരിക്കുന്ന മണ്ണുത്തി ഇ.റ്റി.സി ഓഫീസിൽ നിന്നും NJD ഒഴിവുകൾ പിശകായി റിപ്പോർട്ട് ചെയ്തു എന്ന് ആലപ്പുഴ പ്രോജക്ട് ഡയറക്ടർ പറയുന്നത് ശരിയല്ലെന്നും അനുബന്ധം . II പ്രകാരമുള്ള NJD ലിസ്റ്റും ആമുഖ കത്തും പരിശോധിക്കുകയാണെങ്കിൽ 4 NJD ഒഴിവുകൾ മാത്രമെ ടി ഓഫീസിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളൂവെന്ന് വ്യക്തമാകുന്നതാണെന്നും ജോയിൻ ചെയ്ത രണ്ട് ഉദ്യോഗാർത്ഥികളുടെ (ശ്രീ.സുമേഷ്.പി.സി , ശ്രീ.പ്രവീൺ.കെ.കൃഷ്ണൻ ) നിയമന ശുപാർശ പബ്ലിക് സർവ്വീസ് കമ്മീഷൻ റദ്ദാക്കി അവർക്ക് Advice cancellation letter നൽകിയത് ടി ഓഫീസിൽ നിന്ന് എൻ.ജെ.ഡി. റിപ്പോർട്ട് ചെയ്തതിൽ ഉണ്ടായ പിഴവ് കൊണ്ടല്ല മറിച്ച് ആലപ്പുഴ പി.എ.യു. പ്രൊജക്റ്റ് ഡയറക്ടർ സ്വന്തം നിലക്ക് പി.എസ്.സി. ക്ക് 26.04.2013 ന് എൻ.ജെ.ഡി . റിപ്പോർട്ട് ചെയ്ത് അയച്ച കത്തിന്റെ അടിസ്ഥാനത്തിലാണെന്നും ആയതിനാൽ തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II NJD ഒഴിവുകൾ സംബന്ധിച്ച് തെറ്റായ റിപ്പോർട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിയതിലെ വീഴ്ചയ്ക്ക് ആലപ്പുഴ പോവർട്ടി അലീവിയേഷൻ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്കും , മണ്ണുത്തി വികസന പരിശീലന കേന്ദ്രം പ്രിൻസിപ്പാളിനും തുല്യ പങ്കുണ്ടെന്നും ടി വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ ഉചിതമായ തുടർ നടപടി സ്വീകരിക്കണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (5) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്ന് റിപ്പോർട്ട് ചെയ്യുമ്പോൾ നിയമനാധികാരികൾ വളരെയധികം ജാഗ്രത പുലർത്തേണ്ടതുണ്ട്. നിയമനാധികാരിയുടെ അശ്രദ്ധ കൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സൽപേരിന് കളങ്കമുണ്ടാകാൻ പാടില്ല. മേലിൽ ഒഴിവുകൾ

റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി കത്തിടപാടുകൾ നടത്തുമ്പോൾ മേൽ പറയും പ്രകാരമുള്ള തെറ്റുകൾ ആവർത്തിക്കാതിരിക്കുന്നതിന് ആലപ്പുഴ പ്രോജക്ട് ഡയറക്ടർ, ശ്രീമതി വനജകുമാരിയ്ക്കും, മണ്ണുത്തി വികസന പരിശീലന കേന്ദ്രം പ്രിൻസിപ്പാൾ ശ്രീ.കെ.വി.അബ്ദുൾ അസീസിനും 'ശക്തമായ താക്കീത് ' നൽകി ടി ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

രത്നമ്മ. വി
ജോയിന്റ് സെക്രട്ടറി

ശ്രീമതി വനജകുമാരി, പ്രോജക്ട് ഡയറക്ടർ,
ദാരിദ്ര്യ ലഘൂകരണ വിഭാഗം, ആലപ്പുഴ.

ശ്രീ.കെ.വി.അബ്ദുൾ അസീസ്, പ്രിൻസിപ്പാൾ,
വികസന പരിശീലന കേന്ദ്രം, മണ്ണുത്തി

} (ഗ്രാമവികസന കമ്മീഷണർ മുഖേന)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ